തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502. ഫോൺ : 0494 2631230
e-mail: ce@temu.ac.in | www.malayalamuniversity.edu.in

നം. ജനറൽ/എ1/2021/അഡ്മിൻ                    തീയതി: 11.07.2024

## അറിയിപ്പ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളായ (1) ബി.എ. മലയാളം ഓണേഴ്സ്/ ഓണേഴ്സ് വിത്ത് റിസർച്ച് (2) ബി.എസ്‌സി. പരിസ്ഥിതി പഠനവും വികസനസാമ്പത്തികശാസ്ത്രവും ഓണേഴ്സ്/ ഓണേഴ്സ് വിത്ത് റിസർച്ച് എന്നീ പ്രോഗ്രാമുകളിൽ SC/ST വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളിൽ പ്രവേശനം നേടാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എല്ലാ അസ്സൽ രേഖകളുമായി **15.07.2024ന് തിങ്കളാഴ്ച രാവിലെ 11 മണിക്ക്** മലയാളസർവകലാശാലയുടെ തിരൂർ വാക്കാടുള്ള അക്ഷരം ക്യാമ്പസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

രജിസ്ട്രാർ ഇൻ-ചാർജ്

## നാലുവർഷബിരുദപ്രോഗ്രാം പ്രവേശനം

### എല്ലാ വിദ്യാർത്ഥികളും പൊതുവായി സമർപ്പിക്കേണ്ട ഒറിജിനൽ രേഖകൾ

1. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്
2. പ്ലസ് ടു സർട്ടിഫിക്കറ്റ്
3. വിടുതൽ സാക്ഷ്യപത്രം (ടി.സി.)
4. സ്വഭാവസാക്ഷ്യപത്രം (സി.സി.)
5. എൻ.എസ്.എസ്./എൻ.സി.സി./കലാകായികമേളകളിലെ പങ്കാളിത്തം എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റ് (ഗ്രേസ് മാർക്ക് ആവശ്യമുള്ളവർ)
6. പാസ്പോർട്ട് സൈസ് ഫോട്ടോ (രണ്ടെണ്ണം)
7. ആധാർ കാർഡ് (പകർപ്പ്)
8. ബാങ്ക് പാസ്ബുക്ക് (പകർപ്പ്)
9. വരുമാന സർട്ടിഫിക്കറ്റ്

### ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾ മാത്രം ശ്രദ്ധിക്കേണ്ടത്

- മുന്നാക്കവിഭാഗത്തിലെ പിന്നാക്കവിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകളിൽ പ്രവേശനം നേടുന്നവർ പ്രസ്തുത വിഭാഗത്തിൽപ്പെടുന്നുവെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
- മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർ സംവരണാനുകൂല്യം ലഭിക്കുന്നതിനായി നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ശരിയായ ജാതി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ സംവരണാനുകൂല്യം അവകാശപ്പെടുന്നവർ കമ്യൂണിറ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കൽ നിർബന്ധമാണ്.
- ഫീസാനുകൂല്യത്തിന് വേണ്ട സാക്ഷ്യപത്രങ്ങൾ പ്രവേശനസമയത്ത് ഹാജരാക്കേണ്ടതില്ല. പ്രവേശനം നേടിയ ശേഷം ഇ-ഗ്രാന്റിന് അപേക്ഷിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട വിഭാഗത്തിൽ സമർപ്പിച്ചാൽ മതിയാകും.
- ഹോസ്റ്റൽ ഫീസ് ഹോസ്റ്റലിൽ പ്രവേശനം ഉറപ്പാകുന്ന മുറയ്ക്ക് അടച്ചാൽ മതിയാകും. ഹോസ്റ്റലിൽ പ്രവേശനം ലഭിക്കുവാൻ പ്രത്യേകം അപേക്ഷ സമർപ്പിക്കണം.

### പ്രവേശന സമയത്ത് അടയ്ക്കേണ്ട ഫീസ് വിവരങ്ങൾ

**ബി.എ. മലയാളം ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച്**

ജനറൽ/ഒ.ബി.സി - 5,415/-
എസ്.സി./എസ്.ടി./ഒ.ഇ.സി. - 1,305/-

**ബി.എസ്.സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തികശാസ്ത്രവും ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച്**

ജനറൽ/ഒ.ബി.സി - 5,915/-
എസ്.സി./എസ്.ടി./ഒ.ഇ.സി. - 1,305/-
500/- രൂപ മൂന്നാം സെമസ്റ്ററിൽ ലാബ് ഫീ ഇനത്തിൽ അടക്കേണ്ടതാണ്.

തിരൂർ മലപ്പുറം

രജിസ്ട്രാർ ഇൻ ചാർജ്

11.07.2024